പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2316 — 08.05.2017 ൽ മറുപടിക്ക്

## ട്രെയിൻ യാത്രികരുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ട്രെയിൻ യാത്രക്കാരെ ആക്രമിച്ച്, പണവും, വിലപിടിപ്പുള്ള സാധനങ്ങളും കവർച്ച ചെയ്യുന്നത് കൂടി വരുന്നതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ട്രെയിൻ യാത്രക്കാർക്ക് സുരക്ഷ ഉറപ്പ് വരുത്താൻ റെയിൽവെ മന്ത്രാലയവുമായി ബന്ധപ്പെട്ട്, എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പ വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്കായി കേരള നിയമസഭ 03.11.2016 ൽ പാസ്സാക്കിയ പ്രമേയം കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.<br>വിവിധ തലങ്ങളിലും സ്ഥലങ്ങളിലും യാത്രക്കാരെയും പാസഞ്ചേഴ്സ് അസ്സോസിയേഷൻ ഭാരവാഹികളെയും റെയിൽവേ ജീവനക്കാരെയും പോർട്ടർമാരെയും മറ്റ് ഉദ്യോഗസ്ഥൻമാരെയും ജനയാത്രാ സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും മറ്റ് യാത്രക്കാർക്കും എതിരെ ഉണ്ടാകുന്ന ശല്യപ്പെടുത്തലുകളും ഉപദ്രവങ്ങളും ആക്രമണങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ പോലീസിനെ അറിയിക്കുന്നതിന് ഏർപ്പാട് ചെയ്യും ഇത്തരത്തിൽ വിവരങ്ങൾ കിട്ടുന്ന സമയം തന്നെ ഡ്യൂട്ടിക്കാർ അടിയന്തിരമായി ഇടപെട്ട് വേണ്ട സഹായനടപടികൾ കൈക്കൊള്ളുകയും നിയമാനുസൃതമായി കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശനമായ അനന്തര നടപടികൾ ഊർജ്ജിതമായി |

കൈക്കൊണ്ടും വരുന്നു.

"സുരക്ഷിതമായ ട്രെയിൻ യാത്ര അവകാശമാണ്, നിങ്ങളെ സംരക്ഷിക്കാൻ റെയിൽവേ പോലീസ് കൂടെയുണ്ട്" എന്ന ഒരു സന്ദേശവുമായി റെയിൽവേ പ്രോട്ടക്ഷൻ ഫോഴ്സിന്റെ സഹകരണത്തോടുകൂടിയും മറ്റ് സംഘടനകളെ ഉൾപ്പെടുത്തി റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും ബോധവൽക്കരണ പരിപാടികളും ലഘുലേഖകൾ വിതരണം ചെയ്തും, ഫീഡ്ബാക്ക് ഫോമുകൾ തയ്യാറാക്കി യാത്രക്കാർക്ക് വിതരണം ചെയ്തും അഭിപ്രായം സ്വരൂപിച്ച് യാത്രക്കാരുമായി കൂടികാഴ്ചകൾ നടത്തി എല്ലാ യാത്രികർക്കും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ മുൻകൂട്ടി തടഞ്ഞും സുരക്ഷിതത്ത്വമൊരുക്കിയും മറ്റ് നിയമാനുസൃത നടപടികളും കൊക്കൊണ്ടുവരുന്നു.

സിറ്റിസൺ ഹെൽപ്പ് ഡെസ്ക് മുഖാന്തിരം മുതിർന്ന പൗരന്മാർക്കും യാത്രക്കാർക്കും സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾക്ക് പ്രത്യേകപരിഗണന നൽകി തൽസമയ സഹായ നടപടികൾ കൈക്കൊണ്ടു വരുന്നു.

റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഹെൽപ്പ് ലൈനിന്റെ സഹകരണത്തോടെ നിരീക്ഷണവും അന്വേഷണവും നടത്തി കുട്ടികൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും കുട്ടികളുടെ പ്രത്യേക സുരക്ഷക്കായി ജില്ലാ ചൈൽഡ് ലൈൻ പ്രവർത്തകരുമൊന്നിച്ച് ട്രെയിനുകളിൽ ബീറ്റ് ഡ്യൂട്ടിയും നടത്തിവരുന്നു.

ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും മാതാപിതാക്കളെ നഷ്ടപ്പെട്ടും നാടുവിട്ടുവരുന്ന കുട്ടികളെയും മറ്റ് അനാഥരായ സ്ത്രീകളെയും കുട്ടികളെയും കണ്ടെത്തി മാതാപിതാക്കളെയും രക്ഷകർത്താക്കളെയും ഏൽപ്പിച്ച് ചൈൽഡ് ലൈൻ മുഖാന്തിരം ജുവനൈൽ ഹോമുകളിലും അഗതി മന്ദിരങ്ങളിലും മറ്റ് സുരക്ഷാസ്ഥാനങ്ങളിലും എത്തിക്കുകയും പാർപ്പിക്കുകയും ചെയ്തുവരുന്നു. സ്ത്രീകളുടെ സുരക്ഷക്കായും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും മറ്റ് നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാ റെയിൽവേ പോലീസ് സ്റ്റേഷനുകളിലും ജുവനൈൽ ഓഫീസർമാരെയും വനിതാ

പോലീസുകാരെയും ഉൾപ്പെടുത്തി ജുവനൈൽ യൂണിറ്റുകളും മറ്റും രൂപീകരിച്ചിട്ടുള്ളതും DYSP, DCRB, RAILWAYS നെ ആയതിന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുള്ളതും നോഡൽ ഓഫീസർ ഇതു സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നിരീക്ഷിച്ചും റെയിൽവേ സ്റ്റേഷനുകളിലും അനുബന്ധപരിസരങ്ങളിലും (പാസഞ്ചർ ട്രെയിനുകൾ ഉൾപ്പെടെ) യാത്രക്കാരുടെയും സ്ത്രീകളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിന് വ്യാപകമായി പോലീസുകാരെ ബീറ്റ് ഡ്യൂട്ടിക്കും പെട്രോളിംഗ് ഡ്യൂട്ടിക്കും നിയോഗിച്ചും ട്രെയിനുകളിലെ വനിതാകോച്ചുകളിൽ പ്രത്യേക ഡ്യൂട്ടിക്കാരെ നിയോഗിച്ചും, റെയിൽവേ സ്റ്റേഷനുകളിൽ ട്രെയിനുകൾ എത്തിച്ചേരുമ്പോൾ കമ്പാർട്ടുമെന്റുകൾക്ക് സമീപമെത്തി നിരീക്ഷിച്ചും അന്വേഷിച്ചും പദ്ധതികൾക്ക് വേണ്ട സഹായങ്ങൾ ചെയ്തും വരുന്നു.

യാത്രക്കാർക്ക് എതിരെയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയും ഉണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും മറ്റും സംഗതികൾക്കും ഉടനടി ബന്ധപ്പെടുന്നതിന് റെയിൽവേ സൂപ്രണ്ടിന്റെ ആഫീസിൽ ഒരു റെയിൽ അലർട്ട് സിസ്റ്റം നടപ്പാക്കിയിട്ടുള്ളതും ഏതു സമയവും (24 മണിക്കൂറും) റെയിൽ അലർട്ട് നമ്പരായ 9846200100, 9846200150, ഹെൽപ്പ് ലൈൻ നമ്പരായ 9995040000 എന്നിവയിൽ ബന്ധപ്പെടാവുന്നതും തൽസമയം തന്നെ നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ലഘുരേഖകളിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. യാത്രക്കാരുടെയും, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയും നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് ചുമത്താവുന്ന വകുപ്പുകൾ അങ്ങേയറ്റം ചുമത്തി എത്രയും വേഗത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്ത് ഊർജ്ജിതമായി അന്വേഷണം പൂർത്തിയാക്കി ശിക്ഷ ലഭിക്കുന്നതിലേക്ക് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചും വരുന്നു. സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷക്കായി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സുമായി ചേർന്ന് സംയുക്ത കർത്തവ്യങ്ങളും നിർവഹിച്ചുവരുന്നു.

S.R.

സെക്ഷൻ ഓഫീസർ